2024
JANUARY
13
SATURDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET
capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## ആകാഷ് മിസൈൽ: പരീക്ഷണം വിജയം

**ന്യൂ ഡൽഹി:** പുതുതലമുറ ആകാഷ് (അഗഅടഒ ചഏ) മിസൈലിന്റെ പരീക്ഷണം വിജയകരമെന്ന് ഡിആർഡിഒ.മിസൈലിന്റെ വിക്ഷേപണം ഡിഫൻസ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് ഓർഗനൈസേഷൻ (ഡിആർഡിഒ) ഒഡീഷാ തീരത്തെ ചാന്ദിപുരിലെ ഇന്റഗ്രേറ്റഡ് ടെസ്റ്റ് റേഞ്ചിൽ (ഐടിആർ) നിന്നും ഇന്നലെ രാവിലെ 10.30ന് വിജയകരമായി നടത്തി. വളരെ താഴ്ന്ന ഉയരത്തിൽ അതിവേഗം പറക്കുന്ന ആളില്ലാ വ്യോമ ലക്ഷ്യത്തിനെതിരേയായിരുന്നു പരീക്ഷണ വിക്ഷേപണം. പരീക്ഷണ വിക്ഷേപണത്തിൽ, ആയുധ സംവിധാനം ഉപയോഗിച്ച് ലക്ഷ്യത്തെ വിജകരമായി ഭേദിക്കുകയും തകർക്കുകയും ചെയ്തു. തദ്ദേശീയമായി വികസിപ്പിച്ച റേഡിയോ ഫ്രീക്വൻസി സീക്കർ, ലോഞ്ചർ, മൾട്ടിഫംഗ്ഷൻ റഡാർ, കമാൻഡ്, കൺട്രോൾ ആന്റ് കമ്മ്യൂണിക്കേഷൻ സംവിധാനം എന്നിവ അടങ്ങിയ സമ്പൂർണ്ണ ആയുധ സംവിധാനത്തിന്റെ പ്രവർത്തനങ്ങളും വിലയിരുത്തി.ചാന്ദിപുരിലെ ഐടിആർ വിന്യസിച്ചിട്ടുള്ള നിരവധി റഡാറുകൾ, ടെലിമെട്രി, ഇലക്ട്രോ ഒപ്റ്റിക്കൽ ട്രാക്കിംഗ് സംവിധാനം എന്നിവ വഴി പകർത്തിയ ഡാറ്റയിലൂടെയും സംവിധാനത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി. ഡിആർഡിഒ, ഇന്ത്യൻ വ്യോമസേനാ, ഭാരത് ഡൈനാമിക്സ് ലിമിറ്റഡ് (ബിഡിഎൽ), ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ് (ബിഇഎൽ) എന്നിവിടങ്ങളിൽ നിന്നുള്ള മുതിർന്ന ഉദ്യോഗസ്ഥർ പരീക്ഷണ വിക്ഷേപണത്തിന് സാക്ഷ്യം വഹിച്ചു. ആകാഷ്എൻജി അത്യാധുനിക മിസൈൽ സംവിധാനത്തിന അതിവേഗത്തിലുള്ള ചടുല വ്യോമ ഭീഷണികളെ പ്രതിരോധിക്കാൻ കഴിവുള്ളതാണ്.പരീക്ഷണ വിക്ഷേപണത്തിന് പ്രതിരോധ മന്ത്രി രാജ്നാഥ് സിംഗ് ഡിആർഡിഒ, ഐഎഎഫ്, പിഎസ്‌യു, വ്യാവസായ മേഖല എന്നിവയെ അഭിനന്ദിച്ചു. ഈ സംവിധാനത്തിന്റെ വിജയകരമായ വികസനം രാജ്യത്തിന്റെ വ്യോമ പ്രതിരോധ ശേഷിയെ കൂടുതൽ വർദ്ധിപ്പിക്കുമെന്ന് അദ്ദേഹം പറഞ്ഞു.



## ജി.എസ്.ടി :ആംനസ്റ്റി സ്കീം ജനുവരി 31 വരെ

**തിരുവനന്തപുരം:** ചരക്ക് സേവന നികുതി നിയമം, 2017 ലെ വകുപ്പ് 73 അല്ലെങ്കിൽ 74 പ്രകാരം നികുതിദായകർക്ക് ചരക്ക് സേവന നികുതി വകുപ്പിൽ നിന്ന് 2023 മാർച്ച് 31 വരെ നൽകിയിട്ടുള്ള ഉത്തരവുകളിന്മേൽ നിശ്ചിത സമയ പരിധിക്കുള്ളിൽ അപ്പീൽ ഫയൽ ചെയ്യാൻ വിട്ട്പോയവർക്ക് നിയമാനുസൃതം അപ്പീൽ ഫയൽ ചെയ്യുവാൻ ഒരവസരം കൂടി അനുവദിക്കുന്നു. നിശ്ചിത സമയം കഴിഞ്ഞ ശേഷം അപ്പീൽ ഫയൽ ചെയ്തു എന്ന കാരണത്താൽ അപ്പീലുകൾ നിരസിക്കപ്പെട്ടവർക്കും ഈ അവസരം പ്രയോജനപ്പെടുത്താം. നിബന്ധനകൾക്ക് വിധേയമായി, ഈ സ്കീം അനുസരിച്ചുള്ള അപ്പീലുകൾ സമർപ്പിക്കുവാനുള്ള അവസാന തീയതി ജനുവരി 31 ആണ്.മേൽപ്പറഞ്ഞ വകുപ്പുകൾ പ്രകാരം മാത്രമുള്ള ഉത്തരവുകളിലെ ഡിമാന്റിൽ നികുതിദായകന് ആക്ഷേപം ഇല്ലാത്ത തുകയുണ്ടെങ്കിൽ (നികുതി, പലിശ, ഫൈൻ, ഫീ, പിഴ എന്നീ ഇനങ്ങളിൽ) ആയത് പൂർണ്ണമായും അടച്ചുകൊണ്ട് വേണം അപ്പീൽ ഫയൽ ചെയ്യേണ്ടത്. തർക്കവിഷയത്തിലുള്ള നികുതിയുടെ പന്ത്രണ്ടര ശതമാനം മുൻകൂർ ആയി അടക്കണം. ഈ പന്ത്രണ്ടര ശതമാനം വരുന്ന തുകയുടെ ഇരുപത് ശതമാനം നിർബന്ധമായും പണമായും, ബാക്കി പണമായോ, ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ഉപയോഗിച്ചോ ഒടുക്കാം. നികുതി ഇനം ഉൾപ്പെട്ടിട്ടില്ലാത്ത ഉത്തരവുകൾക്കെതിരെ ഈ അവസരം പ്രയോജനപ്പെടുത്തി അപ്പീൽ ഫയൽ ചെയ്യുവാൻ സാധിക്കില്ല.വിശദവിവരങ്ങൾക്ക് 2023 നവംബർ 2 ന് സി.ബി.ഐ.സി പുറത്തിറക്കിയ 53/2023 സെൻട്രൽ ടാക്സ് എന്ന വിജ്ഞാപനമോ, 2023 ഡിസംബർ 13 ന് സംസ്ഥാന നികുതി വകുപ്പ് പുറത്തിറക്കിയ എസ്.ആർ.ഒ 1353/2023 ലെ ജി .ഒ (പി)നമ്പർ.165/2023/ടാക്സസ് എന്ന വിജ്ഞാപനമോ പരിശോധിക്കണം.

## പാലിയേറ്റീവ് പ്രവർത്തനങ്ങൾ ഊർജിത്മാക്കാൻ കുടുംബശ്രീയും

**തിരുവനന്തപുരം:** സംസ്ഥാനത്ത് പാലിയേറ്റീവ് പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി ജനുവരി 15 മുതൽ 21 വരെ സംഘടിപ്പിക്കുന്ന സംസ്ഥാന തല ക്യാമ്പെയിനിന്റെ ഭാഗമാകാൻ കുടുംബശ്രീയും. 'ഞാനുമുണ്ട് പരിചരണത്തിന്' എന്നതാണ് ഈ വർഷത്തെ പാലിയേറ്റീവ് ദിനാചരണ സന്ദേശം. കിടപ്പുരോഗികൾക്കും കുടുംബത്തിനും ആശ്വാസമേകാൻ എല്ലാവരുടെയും പങ്കാളിത്തം ഉറപ്പു വരുത്തുകയാണ് ക്യാമ്പെയ്ന്റെ ലക്ഷ്യം. ഇതിന്റെ ഭാഗമായി ജനുവരി 21ന് സംസ്ഥാനത്ത് കുടുംബശ്രീയുടെ കീഴിലുള്ള മൂന്നു ലക്ഷത്തിലേറെ അയൽക്കൂട്ടങ്ങളിൽ പാലിയേറ്റീവ് കെയർ വിഷയം ചർച്ച ചെയ്യുന്നതിനു വേണ്ടി പ്രത്യേക യോഗം സംഘടിപ്പിക്കും.ക്യാമ്പെയിനിന്റെ ഭാഗമായി എല്ലാ തദ്ദേശ സ്ഥാപന പരിധിയിലുമുള്ള കിടപ്പുരോഗികൾക്ക് ആവശ്യമായ പരിചരണവും മറ്റു പിന്തുണകളും ഉറപ്പു വരുത്താൻ വിവിധ വകുപ്പുകളുമായി ചേർന്നു പ്രവർത്തിക്കുകയാണ് കുടുംബശ്രീയുടെ ചുമതല. ഇതിനായി അയൽക്കൂട്ടങ്ങളിലെ മൂന്നു ലക്ഷത്തിലേറെ വരുന്ന സാമൂഹ്യ വികസന ഉപസമിതി കൺവീനർമാരും ജെൻഡർ പോയിന്റ് പേഴ്സൺമാരും ഉൾപ്പടെ ആറര ലക്ഷത്തോളം വനിതകൾ പാലിയേറ്റീവ് കെയർ രംഗത്ത് സജീവമാകും. ഇവർ മുഖേന ഓരോ അയൽക്കൂട്ട പരിധിയിലും പാലിയേറ്റീവ് കെയർ ആവശ്യമുള്ള മുഴുവൻ രോഗികളുടെയും രജിസ്ട്രേഷൻ ഉറപ്പു വരുത്തും. കൂടാതെ ആശാ വർക്കർമാരും പാലിയേറ്റീവ് കെയർ യൂണിറ്റുമായി ബന്ധപ്പെട്ട് പരിചരണം ആവശ്യമായ എല്ലാ കിടപ്പുരോഗികൾക്കും പരിചരണം ലഭ്യമാക്കും. ഇതിനായി കിടപ്പുരോഗികളെ അതത് പ്രദേശത്തെ സന്നദ്ധ പ്രവർത്തകരുമായി ബന്ധപ്പെടുത്തും.കിടപ്പു രോഗികൾ ഉള്ളതിനാൽ തൊഴിൽ ചെയ്യുന്നതിനായി പുറത്തു പോകാൻ കഴിയാത്തവരും സാമ്പത്തിക ക്ളേശം അനുഭവിക്കുന്നവരുമായ അനേകം നിർദ്ധന കുടുംബങ്ങൾക്കും പദ്ധതി ആശ്വാസമേകും. ഇതിനായി തൊഴിൽപരമായി പുനരധിവസിപ്പിക്കാൻ കഴിയുന്ന രോഗികളെ പ്രത്യേകം രജിസ്റ്റർ ചെയ്യും. പരിചരണ സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനു വേണ്ടി ആഴ്ച തോറും ഭവന സന്ദർശനവും നടത്തും.ക്യാമ്പെയ്ന്റെ ഭാഗമായി ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യനീതി, തദ്ദേശ സ്വയംഭരണം തുടങ്ങി വിവിധ വകുപ്പുകളുമായും നാഷണൽ ആയുഷ് മിഷൻ, ഭാരതീയ ചികിത്സാ വിഭാഗം, ഹോമിയോപ്പതി, ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ, പാലിയേറ്റീവ് കെയർ മേഖലയിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾ എന്നിവയ്ക്കും ഒപ്പമായിരിക്കും കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ.



## തൊഴിലധിഷ്ഠിധ കമ്പ്യൂട്ടർ പരിശീലനം

**കൊച്ചി:** സംസ്ഥാന സർക്കാർ സ്ഥാപനമായ എൽ ബി എസ് സെന്റർ ഫോർ സയൻസ് ആൻറ് ടെക്നോളജിയുടെ കളമശ്ശേരി മേഖല കേന്ദ്രത്തിൽ ജനുവരി 11 ന് ആരംഭിച്ചിട്ടുള്ള 'ഡിപ്ലോമ ഇൻ കമ്പ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗിംഗ്' (യോഗ്യത പ്ലസ് ടു കൊമേഴ്സ്), 'ഡാറ്റ എൻട്രി ആൻഡ് ഓഫീസ് ഓട്ടോമേഷൻ'(യോഗ്യതഎസ്.എസ്.എൽ.സി), 'ഡിപ്ലോമ ഇൻ വെബ് ടെക്നോളജി' (യോഗ്യതപ്ലസ് ടു) എന്നീ കോഴ്സുകളുടെ ഒഴിവുള്ള സീറ്റുകളിലേക്ക് ൦൦൦.ഹയരെലഭ്യേല.സല്യമഹമ.ഴീ.ശി ഓൺലൈനായി അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0484 2541520, 7025310574

## ദർഘാസ് ക്ഷണിച്ചു

**കൊച്ചി:** മട്ടാഞ്ചേരി സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ ചികിത്സ തേടുന്ന ആർ.എസ്.ബി.വൈ, ജെ.എസ്.എസ്.കെ, ജെ.എസ്.വൈ, ആർ.ബി.എസ്.കെ (എ.കെ) രോഗികൾക്കാവശ്യമായ ലാബ് പരിശോധനകൾ 01.02.2024 മുതൽ ഒരു വർഷത്തേക്ക് ചെയ്തുനൽകുന്നതിന് അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും മുദ്ര വച്ച കവറുകളിൽ ദർഘാസ് ക്ഷണിച്ചു. കവറുകളുടെ പുറത്ത് ലാബ്ടെസ്റ്റ് ചെയ്യുന്നതിനുള്ള പുനർ ദർഘാസ് എന്ന് രേഖപ്പെടുത്തേതാണ്. ടെസ്റ്റുകളുടെ പട്ടിക ഓഫീസിൽ നിന്നും ലഭ്യമാണ്. ടെർ ഫോം സ്വീകരിക്കുന്ന അവസാന തീയതി ജനുവരി 25 രാവിലെ 11 വരെ. കൂടുതൽ വിവരങ്ങൾ ഓഫീസിൽ നിന്നും പ്രവൃത്തി സമയങ്ങളിൽ നേരിട്ട് അറിയാം.

## താത്കാലിക നിയമനം

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ മെഡിസെപ് പദ്ധതിക്ക് കീഴിൽ സിത്യാം ടെക്നീഷ്യ9 (ഇ അ്യാ ഠലരവിശരശമി) തസ്തികയിലേക്ക് ദിവസ വേതനാടിസ്ഥാനത്തിൽ താത്കാലിക നിയമനം നടത്തുന്നു. യോഗ്യത സയൻസ് വിഷയത്തിൽ പ്രീഡിഗ്രി അല്ലെങ്കിൽ പ്ലസ് ടു അല്ലെങ്കിൽ തത്തുല്യ കോഴ്സ്, കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ നിന്ന് റേഡിയോളജിക്കൽ ടെക്നോളജിയിൽ ഡിപ്ലോമ (ര് വർഷത്തെ കോഴ്സ്) അല്ലെങ്കിൽ തത്തുല്യം. കേരള പാരാ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷ9. പ്രായപരിധി 01.01.2024 ന് 1836. താത്പര്യമുള്ളവർ യോഗ്യത, വയസ്സ്, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റും, പകർപ്പും സഹിതം ജനുവരി 25, ന് സി.സി.എം. ഹാളിൽ രാവിലെ 11:30 ന് എഴുത്തു പരീക്ഷയിലും തുടർന്ന് നടക്കുന്ന ഇന്റർവ്യൂവിലും പങ്കെടുക്കണം. രജിസ്ട്രേഷൻ അന്നേദിവസം രാവിലെ 10.30 മുതൽ 11.30 വരെ മാത്രമായിരിക്കും.

## ടെണ്ടർ ക്ഷണിച്ചു

**കൊച്ചി;** എറണാകുളം കാക്കനാട് കളക്ടറേറ്റിൽ രാം നിലയിൽ പ്രവർത്തിക്കുന്ന പിന്നാക്ക വിഭാഗ വികസന വകുപ്പ് എറണാകുളം മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിന്റെ ആവശ്യത്തിന് ഒരു കാർ 2024 ജനുവരി മുതൽ 2 വർഷ കാലയളവിലേക്ക് കോൺട്രാക്ട് അടിസ്ഥാനത്തിൽ ഓടുന്നതിന് ട്രാവൽ ഏജൻസികൾ / വാഹന ഉടമകളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് പ്രവൃത്തി സമയത്ത് എറണാകുളം മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ നിന്ന് നേരിട്ടും 0484 2983130 ഫോൺ നമ്പറിലും ലഭ്യമാണ്.

## തൊഴിലധിഷ്ഠിത കോഴ്സിലേക്ക് അപേക്ഷിക്കാം

കൊച്ചി: എറണാകുളം ജില്ലാ പഞ്ചായത്തിന്റെ വാർഷിക പദ്ധതി പ്രകാരം നടപ്പിലാക്കുന്ന സൗജന്യ തൊഴിലധിഷ്ഠിത കോഴ്സിലേക്ക് അപേക്ഷിക്കാം. കലൂർ ജവാഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ പ്രവർത്തിക്കുന്ന മോഡൽ ഫിനിഷിങ് സ്കൂളിലാണ് കോഴ്സ് നടക്കുന്നത്.6 മാസം കാലാവധിയുള്ള സോഫ്റ്റ് വെയർ ഡവലപർ എന്ന കോഴ്സിലേക്ക് പ്ളസ് ടു പാസായ 18 നും 35 നും ഇടയിൽ പ്രായമുള്ള , എറണാകുളം ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ താമസിക്കുന്ന വനിതകൾക്ക് അപേക്ഷിക്കാം. താത്പര്യമുള്ളവർ ജനുവരി 17 നു മുമ്പ് അപേക്ഷിക്കണം. കൂടുതൽ വിവരങ്ങൾക്ക്, 04842985252 /8547005092(വാട്സ്ആപ്പ്) എന്ന നമ്പറിൽ വിളിക്കുക

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സൈനിക ക്ഷേമവകുപ്പിന്റെ ആഭിമുഖ്യത്തിൽ വിമുക്തഭടന്മാരുടെ ആശ്രിതരായ മക്കൾക്ക് നിബന്ധനകൾക്ക് വിധേയമായി 2023 24 വർഷത്തെ തൊഴിലധിഷ്ഠിത / പ്രവൃത്തിപര / സാങ്കേതിക കോഴ്സുകൾക്ക് സ്കോളർഷിപ്പിനുള്ള അപേക്ഷ ക്ഷണിച്ചു.അപേക്ഷ സമർപ്പിക്കേ അവസാന തീയതി ജനുവരി 25. അപേക്ഷാ ഫോമിനും വിശദ വിവരങ്ങൾക്കും 0484 2422239 എന്ന നമ്പറിൽ ബന്ധപ്പെടുക.

# വില നിർണ്ണയത്തിന് ദേശീയ തലത്തിൽ അതോറിറ്റി രൂപീകരിക്കണം: ജസ്റ്റിസ് കെ.സുരേന്ദ്ര മോഹൻ




**കൊച്ചി :**അമിത വിലക്കയറ്റ മാണ് ഉപഭോക്താക്കൾ നേരിടുന്ന ഏറ്റവും രൂക്ഷമായ പ്രശ്ന മെന്നും വിലനിർണ്ണയിക്കാൻ ദേശീയ തലത്തിൽ ഒരു അതോറിറ്റി രൂപീകരിക്കണമെന്നും സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ പ്രസിഡന്റ് ജസ്റ്റിസ് കെ.സുരേന്ദ്ര മോഹൻ ഉൽഘാടന പ്രസംഗത്തിൽ പറഞ്ഞു.ദേശീയ ഉപഭോക്തൃദിനാചരണത്തിന്റെ ഭാഗമായി ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യവകുപ്പിന്റെയും തേവര സേക്രട്ട് ഹാർട്ട് കോളേജിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ കലാലയ വിദ്യാർത്ഥികൾക്കായി നടത്തിയ ദേശീയഉപഭോക്തൃ ശില്പശാലയിൽ തേവര സേക്രട്ട് ഹാർട്ട് കോളേജ് ആഡിറ്റോറിയത്തിൽ വെച്ച് ഉത്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. തേവര സേക്രട്ട് ഹാർട്ട് കോളേജ് വൈസ് പ്രിൻസിപ്പാൾ ഡോ ഫാ . ജോസഫ് കുസുമാലയം അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ പ്രസിഡൻ്റ് ഡി ബി ബിനു മുഖ്യ പ്രഭാഷണം നടത്തി . ശില്പശാലയിൽ വിവിധ വിഷയങ്ങളെ സംബന്ധിച്ച് ബി ഐ എസ് കേരള ലക്ഷദ്വീപ് ജോയിൻറ്റ് ഡയറക്ടർ സന്ദീപ് എസ് കുമാർ സംസ്ഥാന ഉപഭോക്തൃ സംരക്ഷണ കൗൺസിൽ അംഗം അഡ്വ .ജെ. സൂര്യ , അഡ്വ .കെ എസ് ഹരിഹരൻ , തേവര സേക്രട്ട് ഹാർട്ട് കോളേജിലെ കോമേഴ്സ് വിഭാഗം അസിസ്റ്റൻറ് പ്രൊഫസർ ജെയിംസ് വി ജോർജ് എന്നിവർ സെമിനാറുകൾ അവതരിപ്പിച്ചു. ശിൽപ്പശാലയിൽ വിദ്ധാർത്ഥികൾക്കായി ഉപഭോക്തൃ സംരക്ഷണ നിയമത്തെ അടിസ്ഥാനമാക്കി നടത്തിയ ക്വിസ്സ് മത്സരത്തിലുംഉപന്യാസ മത്സരത്തിലും വിജയി കളായവർക്ക് ചടങ്ങിൽ സമ്മാനങ്ങൾ നൽകി. സംസ്ഥാന ഉപഭോക്തൃ സംരക്ഷണ കൗൺസിൽ അംഗം അനിത സുനിൽ കുമാർ ,എറണാകുളം ജില്ലാ സപ്ലൈ ഓഫീസർ ടി സഹീർ,സേക്രട്ട് ഹാർട്ട് കോളേജിലെ കോമേഴ്സ് വിഭാഗം മേധാവി സനു വർഗീസ് , പറവൂർ താലൂക്ക് സപ്ലൈ ഓഫിസർ ടി. ശോഭ എന്നിവർ പങ്കെടുത്തു.

# കേരളം ബാലവിവാഹ മുക്ത സംസ്ഥാനമാകും: ബാലാവകാശ കമ്മീഷൻ




**കൊച്ചി:** കേരളത്തിനെ ബാലവിവാഹ മുക്ത സംസ്ഥാനമായി ഉടൻ പ്രഖ്യാപിക്കുമെന്നും ഇതുമായി ബന്ധപ്പെട്ട വിവര ശേഖരണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണെന്നും ബാലാവകാശ സംരക്ഷണ കമ്മീഷൻ അംഗം അഡ്വ. എൻ സുനന്ദ. സംസ്ഥാന ബാലാവകാശ കമ്മീഷനും പോലീസ് വകുപ്പും സംയുക്തമായി സംഘടിപ്പിച്ച എസ്. പി.സി അധ്യാപകരുടെ ഏകദിന പരിശീലന ക്യാമ്പ് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു കമ്മീഷൻ.നല്ലൊരു വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കുകയാണ് കമ്മീഷന്റെ ലക്ഷ്യം. എല്ലാ ജില്ലകളിലും എസ്പിസി അധ്യാപകർക്ക് പരിശീലനം നൽകുന്നുണ്ട്. കുട്ടികൾക്കും രക്ഷിതാക്കൾക്കും സമൂഹത്തിനും ബോധവൽക്കരണം നൽകുന്നതിലൂടെ ഒരുപാട് പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കും. തിന്മകൾക്കെതിരെ പോരാടാൻ വിദ്യാർഥികളെ പ്രാപ്തരാക്കണം. കുട്ടികൾക്കെതിരെയുള്ള ലൈംഗീക അതിക്രമങ്ങൾ ദിനംപ്രതി വർദ്ധിച്ചുവരികയാണ്. അധ്യാപകർ വിദ്യാർത്ഥികൾക്കൊപ്പം നിന്ന് അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി പരിഹരിക്കണം. മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിചരണം നൽകണം. കുട്ടികൾക്കും അഭിപ്രായങ്ങളുണ്ട്, അത് മാനിക്കപ്പെടണം. 2015ലാണ് ബാലനീതി നിയമം നിലവിൽ വന്നത്. നിയമം അനുശാസിക്കുക എന്നത് ഏതൊരു പൗരന്റെയും കർത്തവ്യമാണ്.അതിക്രമങ്ങൾ കുറയ്ക്കാനാണ് പ്രവർത്തിക്കേണ്ടത്. കുടുംബശ്രീയുടെ നേതൃത്വത്തിലും വിപുലമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കും. വിവരസാങ്കേതിക വിദ്യയുടെ ഇക്കാലത്ത് നന്മയും തിന്മയും കുട്ടികൾ തിരിച്ചറിയണമെന്നും കേരളത്തിന് മാതൃകയാകുന്ന രീതിയിൽ കുട്ടികൾ വളരണമെന്നും കമ്മീഷൻ പറഞ്ഞു.എറണാകുളം എ.ആർ ക്യാമ്പിൽ സംഘടിപ്പിച്ച യോഗത്തിൽ എസ്.പി.സി എറണാകുളം എ. ഡി. എൻ. ഒ (അഡീഷണൽ ഡിസ്ട്രിക്ട് നോഡൽ ഓഫീസർ) സൂരജ് കുമാർ അധ്യക്ഷത വഹിച്ചു. കുട്ടികളുടെ അവകാശങ്ങൾ, കുട്ടികളുമായി ബന്ധപ്പെട്ട നിയമങ്ങൾ എന്നീ വിഷയങ്ങളിൽ സംഘടിപ്പിച്ച ശില്പശാലയിൽ റിസോഴ്സ് പേഴ്സൺ ദേവി പി ബാലൻ, ശിശു സംരക്ഷണ യൂണിറ്റ് പ്രതിനിധി എസ് സിനി എന്നിവർ ക്ലാസുകൾ നയിച്ചു.

# ഗുജറാത്തിൽ വമ്പൻ നിക്ഷേപ പദ്ധതികളുമായി ലുലു ഗ്രൂപ്പ്




**അഹമ്മദാബാദ് :** ഇന്ത്യയുഎഇ ബന്ധത്തിന്റെ നേർചിത്രമായി മാറിയ വൈബ്രന്റ് ഗുജറാത്ത് ഉച്ചകോടിയുടെ ഭാഗമായി വലിയ നിക്ഷേപ പദ്ധതികൾ പ്രഖ്യാപിച്ച് ലുലു ഗ്രൂപ്പ്. ഗുജറാത്തിൽ നാലായിരം കോടി രൂപയുടെ നിക്ഷേപം ലുലു ഗ്രൂപ്പ് നടത്തും . ഇതിന്റെ ഭാഗമായി അഹമ്മദാബാദിൽ രാജ്യത്തെ ഏറ്റവും വലിയ ഷോപ്പിങ്ങ് മാൾ നിർമ്മിക്കുമെന്ന് ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ യൂസഫലി വ്യക്തമാക്കി. അത്യാധുനിക സൗകര്യങ്ങളോടെ ആഗോള നിലവാരത്തിലാണ് അഹമ്മദാബാദ് ലുലു മാൾ ഉയരുക. ഇതിന് പുറമേ പഞ്ചനക്ഷത്ര ഹോട്ടലും അഹമ്മദാബാദിൽ നിർമ്മിക്കും. പ്രധാനമന്ത്രി നരേന്ദ്രമോദി, ഗുജറാത്ത് മുഖ്യമന്ത്രി ഭൂപേന്ദ്രഭായ് പട്ടേൽ എന്നിവരുമായി ഉച്ചകോടിയുടെ ഭാഗമായി നടത്തിയ കൂടിക്കാഴ്ചയ്ക്ക് പിന്നാലെയാണ് പ്രഖ്യാപനം.പുതിയ നിക്ഷേപപദ്ധതികളുടെ മിനിയേച്ചർ മാതൃക യുഎഇ പവലിയനിൽ ലുലു ഗ്രൂപ്പ് പ്രദർശിപ്പിച്ചു. യുഎഇ വിദേശ വ്യാപാര സഹമന്ത്രി താനി ബിൻ അഹമ്മദ് അൽ സെയൂദി, ഇന്ത്യയിലെ യുഎഇ അംബാസിഡർ ജമാൽ അൽ ശാലി, അബുദാബി ചേംബർ വൈസ് ചെയർമാൻ എം.എ യൂസഫലി എന്നിവർ ചേർന്നാണ് യുഎഇ പവലിയൻ ഉദ്ഘാടനം ചെയതത്.

ഷെയ്ഖ് മുഹമ്മദിന്റെ സാന്നിധ്യം വൈബ്രന്റ് ഗുജറാത്ത് നിക്ഷേപ സംഗമത്തെ കൂടുതൽ സവിശേഷമാക്കിയെന്നും ഇന്ത്യയും യുഎഇയും തമ്മിലുള്ള ദൃഢമായ ബന്ധത്തിന്റെ പ്രതീകമായി ഉച്ചക്കോടി മാറിയെന്നും എം.എ യൂസഫലി പറഞ്ഞു. പ്രധാനമന്ത്രി നരേന്ദ്രമോദിയും യുഎഇ പ്രസിഡന്റ് ഷെയ്ഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാനും തമ്മിൽ ഏറ്റവും മികച്ച സൗഹൃദമാണുള്ളത്, ഈ ശക്തമായ ബന്ധത്തിന്റെ ഭാഗമായാണ് ചടങ്ങിൽ മുഖ്യാതിഥിയായി ഷെയ്ഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാൻ ഗുജറാത്തിലെത്തിയെന്ന് യൂസഫലി ചൂണ്ടികാട്ടി. യുഎഇയിലെ നാല് മന്ത്രിമാരും ഉന്നതതല പ്രതിനിധി സംഘവും ഉച്ചകോടിക്ക് എത്തിയിരുന്നു. ഇന്ത്യ യുഎഇ ബന്ധം കൂടുതൽ ശക്തമാക്കാൻ ഈ ഉച്ചകോടിക്ക് സാധിച്ചുവെന്നും എം.എ യൂസഫലി വിലയിരുത്തി. വലിയ നിക്ഷേപങ്ങൾക്കാണ് വൈബ്രന്റ് ഗുജറാത്ത് ഉച്ചകോടിയിൽ വഴിതുറന്നതെന്നും ഇതിന് മുൻകൈയ്യെടുത്ത പ്രധാനമന്ത്രി നരേന്ദ്രമോദിയേയും ഗുജറാത്ത് മുഖ്യമന്ത്രി ഭൂപേന്ദ്രഭായ് പട്ടേലിനെയും അഭിനന്ദിക്കുന്നതായും എം.എ യൂസഫലി കൂട്ടിചേർത്തു.

# ഐ.ഐ.ഒ.ടി.എ ദേശീയസമ്മേളനം കൊച്ചിയിൽ




**കൊച്ചി:** ഓൾ ഇന്ത്യ ഒക്യുപേഷണൽ തെറാപ്പിസ്റ്റ് അസോസിയേഷന്റെ (ഐ.ഐ.ഒ.ടി.എ) അറുപത്തിയൊന്നാമത് ദേശീയസമ്മേളനത്തിന് കൊച്ചി ആതിഥേയത്വം വഹിക്കുമെന്ന് സംഘാടക സെക്രട്ടറി ഡോ. ജോസഫ് സണ്ണി, കേരള ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റ് അസോസിയേഷൻ വൈസ് പ്രസിഡന്റ് ഡോ. മേരി ഫിലിപ്പ്, സെക്രട്ടറി ഡോ. അനു ജോൺ എന്നിവർ വാർത്താസമ്മേളനത്തിൽ പറഞ്ഞു. ജനുവരി 19 മുതൽ 21 വരെ കലൂരിലെ ഗോകുലം പാർക്ക് ഹോട്ടലിൽ നടക്കുന്ന പരിപാടി കേരള ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റ് അസോസിയേഷനാണ് സംഘടിപ്പിക്കുന്നത്.ഒക്യുപേഷണൽ തെറാപ്പിയിലൂടെ മായാജാലം സൃഷ്ടിക്കാം" എന്നതാണ് ഇത്തവണത്തെ പ്രമേയം. ഈ മേഖലയിലെ നൂതനമായ സാങ്കേതികവിദ്യകളും രീതികളും പ്രശ്നപരിഹാരമാർഗങ്ങളും സമ്മേളനത്തിൽ ചർച്ചയാകും. ഗവേഷകർക്കും ഒക്യുപേഷണൽതെറാപ്പി ചെയ്യുന്നവർക്കും അവരുടെ അറിവും അനുഭവങ്ങളും നേരിട്ട് പങ്കുവെക്കാനുള്ള ഒരു വേദികൂടിയാണിത്.ഇരിഞ്ഞാലക്കുടയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷന്റെയുംനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗിന്റെയും ആഭിമുഖ്യത്തിൽ കുട്ടികൾക്ക് സൗജന്യ ഭിന്നശേഷിനിർണയവും രക്ഷിതാക്കൾക്ക് പരിശീലനവും നൽകുന്ന "ചിറക്" പദ്ധതിയും ഇതിനോടനുബന്ധിച്ച് നടക്കും. കുട്ടികളുടെ മാനസികവും ശാരീരികവുമായ വളർച്ചാനിരക്ക് സൗജന്യമായി പരിശോധിക്കാൻ അവസരമുണ്ടാകും. മാതാപിതാക്കൾക്കും അധ്യാപകർക്കും പ്രത്യേക ക്ലാസുകളും നടത്തും. കുട്ടികളുടെ വൈകാരിക, സ്വഭാവ സവിശേഷതകൾ തിരിച്ചറിയാനും മനസ്സിലാക്കാനും പ്രയാസപ്പെടുന്നവർക്ക് ഈ സെഷൻ പ്രയോജനപ്പെടും. സംശയങ്ങൾക്ക് വിദഗ്ധരിൽ നിന്ന് മറുപടിയും ലഭ്യമാകും.15ൽ അധികം രാജ്യങ്ങളിൽ നിന്നായി ആയിരത്തിലധികം പേർ ഓറ്റിക്കോൺ 2024ൽ പങ്കെടുക്കും. പത്ത് വർഷങ്ങൾക്ക് ശേഷം സമ്മേളനം വീണ്ടും കേരളത്തിൽ നടത്താനുള്ള അവസരം ലഭിച്ചതിൽ അതിയായ സന്തോഷമുണ്ടെന്ന് കേരള ഒക്യുപേഷണൽ തെറാപ്പിസ്റ്റ് അസോസിയേഷൻ പ്രസിഡന്റ് ഡോ. ജോസഫ് സണ്ണി പറഞ്ഞു. 2013 ൽ കേരളത്തിൽ നടന്ന സമ്മേളനത്തിന് ശേഷം, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിങ്ങിലും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷനിലും ഉൾപ്പെടെ, സംസ്ഥാനത്തെ മുൻനിര കേന്ദ്രങ്ങളിൽ ഒക്യുപേഷണൽ തെറാപ്പി കോഴ്സുകൾ ആരംഭിച്ചതായും അദ്ദേഹം പറഞ്ഞു. ഗവണ്മെന്റ് പ്രോജക്ടുകളിലും സേവനങ്ങളിലും ഒക്യുപേഷണൽതെറാപ്പിസ്റ്റുകളെ നിയമിക്കുന്നതിനും ഇത് വഴിയൊരുക്കി.ശാരീരികമോ മാനസികമോ വൈകാരികമോ ആയ പ്രശ്നങ്ങളുള്ള വ്യക്തികളെ അവരുടെ ദൈനംദിന ജീവിതത്തിലെ പ്രവർത്തികൾ ചെയ്യാൻ സഹായിക്കുന്ന വൈദ്യശാസ്ത്ര ശാഖയാണ് ഒക്കുപ്പേഷണൽ തെറാപ്പി. സമ്മേളനത്തോട് അനുബന്ധിച്ച് തെരുവ് നാടകമുൾപ്പെടെ പതിനഞ്ചോളം കോളേജുകളിൽ നിന്നുള്ള വിദ്യാർത്ഥികൾ അവതരിപ്പിക്കുന്ന വിവിധ സാംസ്കാരിക പരിപാടികളും നടക്കുമെന്നും സംഘാടകർ പറഞ്ഞു.

# ജെ.എസ്.എസ് സംസ്ഥാന നേതൃസംഗമം നാളെ

**കൊച്ചി:** ജെ.എസ്.എസ് സംസ്ഥാന നേതൃസംഗമം നാളെ രാവിലെ 10.30 ന് എറണാകുളം കച്ചേരിപ്പടി ആശിർഭവനിൽ നടക്കും. സംസ്ഥാന പ്രസിഡന്റ് പ്രൊഫ.എ.വി താമരാക്ഷന്റെ അധ്യക്ഷതയിൽ ചേരുന്ന സമ്മേളനം ജനറൽ സെക്രട്ടറി അഡ്വ.എ.എൻ രാജൻ ബാബു ഉദ്ഘാടനം ചെയ്യും. പാർട്ടി സംസ്ഥാന സെന്റർ അംഗങ്ങൾ,ജില്ലാ സെക്രട്ടറിമാർ, ജില്ലാ പ്രസിഡന്റുമാർ എന്നിവർ സംഗമത്തിൽ പങ്കെടുക്കും.

# പരസ്പരം കേൾക്കാനും മനസിലാക്കാനും സാധിക്കണം: മാർ റാഫേൽ തട്ടിൽ



**കാക്കനാട്:** സിനഡാലിറ്റിയുടെ യഥാർഥ ചൈതന്യം ഉൾക്കൊണ്ടു സഭയുടെ പ്രവർത്തനങ്ങൾ കൂടുതൽ ഊർജസ്വലതയോടെ മുന്നോട്ടുകൊണ്ടുപോകാൻ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ സിനഡ് മെത്രാന്മാരോട് ആഹ്വാനംചെയ്തു. മേജർ ആർച്ചുബിഷപ്പായി സ്ഥാനം ഏറ്റെടുത്തതിനുശേഷം വിളിച്ചുചേർത്ത മുപ്പത്തിരാമതു സിനഡിന്റെ രാം സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മേജർ ആർച്ചുബിഷപ്. സിനഡാലിറ്റിയുടെ ചൈതന്യം സഭാജീവിതത്തിന്റെ വിവിധ മേഖലകളിൽ സ്വാംശീകരിക്കേണ്ടു. അതിനായി പരസ്പരം കേൾക്കാനും അതുവഴി മറ്റുള്ളവരെ മനസിലാക്കാനും സാധിക്കണം. പരസ്പരം മനസിലാക്കുന്നതിലൂടെയും ബഹുമാനിക്കുന്നതിലൂടെയും മാത്രമേ സിനഡാലിറ്റി വിഭാവനം ചെയ്യുന്ന ഒരുമിച്ചുനടക്കൽ അർഥപൂർണ്ണമാവുകയുള്ളുവെന്നും മേജർ ആർച്ചുബിഷപ് തന്റെ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു.മേജർ ആർച്ചുബിഷപ്പിനെ തെരഞ്ഞെടുക്കുന്നതിനുവേി ജനുവരി 8ാം തിയതി ആരംഭിച്ച മുപ്പത്തിരാം സിനഡിന്റെ ഒന്നാം സമ്മേളനം തെരഞ്ഞെടുപ്പുനടപടികൾ പൂർത്തിയായതോടെ ജനുവരി 10ാം തിയതി സമാപിച്ചിരുന്നു. ഇതിനെത്തുടർന്നാണു തെരഞ്ഞെടുപ്പു പ്രഖ്യാപനവും പുതിയ മേജർ ആർച്ചുബിഷപ്പിന്റെ സ്ഥാനാരോഹണവും സഭയുടെ കേന്ദ്ര കാര്യാലയത്തിൽ ജനുവരി 11ാം തിയതി നടത്തിയത്.ഇന്നലെ രാവിലെ ആരംഭിച്ച സിനഡു സമ്മേളനം ഇന്ന് വൈകുന്നേരം 6 മണിക്കു സമാപിക്കും. സഭാസിനഡിന്റെ അടുത്ത സമ്മേളനം ആഗസ്റ്റിൽ നടക്കും.

# ഗ്രോത്ത് പൾസ് : സംരംഭകർക്കായി പരിശീലന പരിപാടി

KIED
Kerala Institute for Entrepreneurship Development

**കൊച്ചി:** വ്യവസായ വാണിജ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തന കാര്യക്ഷമത നേടുവാൻ ആഗ്രഹിക്കുന്ന സംരംഭകർക്കായി കേരള ഇൻസ്റ്റിട്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് 'ഗ്രോത്ത് പൾസ് ' എന്ന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. ജനുവരി 16 മുതൽ 20 വരെ കളമശ്ശേരി കീഡ് ക്യാമ്പസിലാണ് പരിശീലനം. സംരംഭം തുടങ്ങി അഞ്ച് വർഷത്തിൽ താഴെ പ്രവർത്തി പരിചയമുള്ള സംരംഭകർക്ക് പരിശീലനത്തിൽ പങ്കെടുക്കാം. മാർക്കറ്റിംഗ് സ്ട്രാറ്റജിസ് , ഫിനാൻഷ്യൽ മാനേജ്മെന്റ്, ജി എസ് ടി & ടാക്സേഷൻ, ഓപ്പറേഷനൽ എക്സലൻസ്, സെയിൽ പ്രോസസ് & ടീം മാനേജ്മെന്റ് മുതലായ നിരവധി വിഷയങ്ങളാണ് പരിശീലനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. താൽപര്യമുള്ളവർ ജനുവരി 14നകം വേ്േ://സശലറ.ശിളീ്/്യമശിശിഴരമഹലിറല്യ/ വെബ്സൈറ്റ് മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കാം.ഫോൺ : 04842532890/2550322/7012376994

# എൻസിഡി വഴി മുത്തൂറ്റ് ഫിൻകോർപ്പ് 300 കോടി രൂപ സമാഹരിക്കും

**കൊച്ചി:** മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പിൻറെ പതാക വാഹക കമ്പനിയായ മുത്തൂറ്റ് ഫിൻകോർപ്പ് സെക്യേർഡ് റിഡീമബിൾ എൻസിഡികളിലൂടെ 300 കോടി രൂപ സമാഹരിക്കും. 75 കോടി രൂപയുടെ ഈ ഇഷ്യുവിലെ 225 കോടി രൂപയുടെ ഗ്രീൻ ഷൂ ഓപ്ഷൻ അടക്കമാണ് 300 കോടി രൂപ. 1000 രൂപ വീതം മുഖവിലയുള്ള എൻസിഡികൾ ജനുവരി 12 മുതൽ ജനുവരി 25 വരെ ലഭ്യമാകും. ആവശ്യമെങ്കിൽ നേരത്തെ തന്നെ ഇതു ക്ലോസ് ചെയ്യാനുള്ള വ്യവസ്ഥകളുമുണ്ട്. 24 മാസം, 36 മാസം, 60 മാസം, 96 മാസം എന്നിങ്ങനെയുള്ള കാലാവധികൾ ഉള്ളതാണ് എൻസിഡികൾ. പ്രതിമാസ, വാർഷിക തവണകളായോ കാലാവധിക്കു ശേഷം ഒരുമിച്ചോ ലഭിക്കുന്ന രീതിയിൽ 9.26 ശതമാനം മുതൽ 9.75 ശതമാനം വരെയാണ് യീൽഡ്. ക്രിസിൽ എഎ/സ്റ്റേബിൾ റേറ്റിങാണ് ഇതിനു നൽകിയിട്ടുള്ളത്. ബിഎസ്ഇയിലെ ഡെറ്റ് വിഭാഗത്തിൽ ഈ എൻസിഡി ലിസ്റ്റു ചെയ്യാനും ഉദ്ദേശിക്കുന്നു്.നിലവിലുള്ളതും പുതുതായി എത്തുന്നതുമായ ഉപഭോക്താക്കൾക്ക് തങ്ങളുടെ 3600ൽ പരം ശാഖകളിൽ ഏതെങ്കിലും സന്ദർശിച്ചോ തങ്ങളുടെ മൊബൈൽ ആപ്പ് മുത്തൂറ്റ് ഫിൻകോർപ്പ് വൺ ഉപയോഗിച്ചോ എൻസിഡികളിൽ നിക്ഷേപിക്കാമെന്ന് മുത്തൂറ്റ് ഫിൻകോർപ്പ് സിഇഒ ഷാജി വർഗീസ് പറഞ്ഞു. ക്രിസിൽ എഎ/സ്റ്റേബിൾ റേറ്റിങ് ഉള്ളതിനാൽ ഈ ഇഷ്യുവിന് മികച്ച പ്രതികരണമാണു പ്രതീക്ഷിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# കുട്ടികൾക്ക് മെഗാ മൾട്ടിസ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പ്

**കുന്നംകുളം:** കുട്ടികൾക്കായി കുന്നംകുളത്ത് ഒരു മെഗാ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കാൻ കൈകോർത്ത് ആസ്റ്റർ മെഡ്സിറ്റിയും സൗത്ത് സോൺ ഡയബെറ്റിസ് ആൻഡ് പോഡിയാട്രി ഹോസ്പിറ്റലും. ജനുവരി 17 ന് രാവിലെ ഒമ്പതര മുതൽ ഉച്ചയ്ക്ക് ഒന്നര വരെ കുന്നംകുളം സൗത്ത് സോൺ ഡയബെറ്റിസ് ആൻഡ് പോഡിയാട്രി ഹോസ്പിറ്റലിലാണ് ക്യാമ്പ് നടക്കുക.കുട്ടികളുടെ ഹൃദ്രോഗ വിഭാഗം, സർജറി, യൂറോളജി, ജനറൽ പീഡിയാട്രിക്സ് എന്നീ വിഭാഗങ്ങളിലെ ആരോഗ്യപരിശോധനയാണ് ക്യാമ്പിൽ ലഭ്യമാകുക. 18 വയസിൽ താഴെയുള്ളവർക്ക് ക്യാമ്പ് പ്രയോജനപ്പെടുത്താം. ജന്മനാ അസുഖങ്ങളുള്ളവർക്കും ഡോക്ടർമാർ കൂടുതൽ പരിശോധനകൾ നിർദ്ദേശിച്ചിട്ടുള്ള കുട്ടികൾക്കും സാമ്പത്തിക ബുദ്ധിമുട്ട് കാരണം ചികിത്സ തടസപ്പെട്ടവർക്കും വേണ്ടിയാണ് പ്രത്യേക ക്യാമ്പ് സജ്ജീകരിക്കുന്നത്.ഷുഗർ, എക്കോ, ഇസിജി പരിശോധനകൾ ക്യാമ്പിൽ സൗജന്യമായി ചെയ്യാവുന്നതാണ്. പരിശോധനയുടെ ഫലമനുസരിച്ച് മുന്നോട്ടുള്ള ചികിത്സാപദ്ധതി രൂപീകരിക്കാനും സഹായിക്കും.ക്യാമ്പിനെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും ക്യാമ്പിൽ പങ്കെടുക്കുന്നതിനും ഈ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്: 98472 70420, 81119 98082, 04885211911, 9446021911, 8589898589. ഗുണമേന്മയുള്ള ചികിത്സ സമൂഹത്തിലെ എല്ലാവർക്കും ലഭ്യമാക്കുന്നതിന് വേയുള്ള ശ്രമങ്ങളുടെ ഭാഗമാണ് ആസ്റ്റർ മെഡ്സിറ്റിയും സൗത്ത് സോൺ ഡയബെറ്റിസ് ആൻഡ് പോഡിയാട്രി ഹോസ്പിറ്റലും തമ്മിലുള്ള ഈ സഹകരണം.

# അനുഭവ് പുരസ്കാര പദ്ധതി 2024

**ന്യൂ ഡൽഹി:** കേന്ദ്ര സർക്കാർ സർവീസിൽ നിന്ന് വിരമിച്ചതും വിരമിക്കുന്നവരുമായ ജീവനക്കാർക്ക് ജോലി ചെയ്തിരുന്ന കാലത്തെ അനുഭവങ്ങൾ പങ്കുവയ്ക്കാൻ പെൻഷൻ ആൻഡ് പെൻഷനേഴ്സ് വെൽഫെയർ വകുപ്പ് 2015 മാർച്ചിൽ ആരംഭിച്ച ഓൺലൈൻ പോർട്ടലാണ് 'അനുഭവ് പോർട്ടൽ'.

ഇതുമായി ബന്ധപ്പെട്ടുള്ള അനുഭവ് പുരസ്കാര പദ്ധതി 2024 ൽ പങ്കെടുക്കുന്നതിനായി സർക്കാർ വിജ്ഞാപനം പുറത്തിറക്കി. വിരമിച്ചവർക്കും വിരമിക്കുന്നവർക്കും പദ്ധതിയിൽ പങ്കെടുക്കാം. വിരമിക്കുന്നതിന് എട്ട് മാസം മുൻപ് മുതൽ വിരമിച്ച് ഒരു വർഷത്തിനകത്ത് അനുഭവങ്ങളെ കുറിച്ച് എഴുതിയ ലേഖനങ്ങൾ സമർപ്പിക്കണം. ബന്ധപ്പെട്ട വകുപ്പുകളോ മന്ത്രാലയങ്ങളോ വിലയിരുത്തിയ ശേഷം ലേഖനങ്ങൾ അനുഭവ് പോർട്ടലിൽ പ്രസിദ്ധീകരിക്കും. ഇങ്ങനെ പ്രസിദ്ധീകരിച്ച ലേഖനങ്ങളാണ് അനുഭവ് പുരസ്കാരത്തിനും ജൂറി സർട്ടിഫിക്കറ്റിനുമായി പരിഗണിക്കുന്നത്.അനുഭവ് പുരസ്കാര പദ്ധതി 2024 പ്രകാരം ലേഖനങ്ങൾ സമർപ്പിക്കാനുള്ള അവസാന തീയതി 2024 മാർച്ച് 31 ആണ്. 2016 മുതൽ 2023 വരെ 54 അനുഭവ് പുരസ്കാരങ്ങൾ സമ്മാനിച്ചിട്ടു്. പദ്ധതി പ്രകാരം, 2023 ജൂലൈ 31 മുതൽ 2024 മാർച്ച് 31 വരെ അനുഭവ് പോർട്ടലിൽ പ്രസിദ്ധീകരിച്ച എല്ലാ ലേഖനങ്ങളും 5 അനുഭവ് പുരസ്കാരങ്ങൾക്കും 10 ജൂറി സർട്ടിഫിക്കറ്റുകൾക്കുമായി പരിഗണിക്കുന്നതാണ്.

# കോപ്പർനെറ്റ് വർക്കിൽ നിന്നും ഒപ്റ്റിക്കൽ ഫൈബറിലേക്ക്; ബൃഹദ് പദ്ധതിയുമായി ബിഎസ്എൻഎൽ



**കൊച്ചി:** ലക്ഷദ്വീപ് ദ്വീപും ഇടുക്കിയും ഉൾപ്പെടുന്ന ബിഎസ്എൻഎൽ എറണാകുളം ബിസിനസ് ഏരിയയിലെ കോപ്പർനെറ്റ് വർക്ക് മുഴുവൻ ഒപ്റ്റിക്കൽ ഫൈബറിലേക്ക് അപ്ഗ്രേഡ് ചെയ്യുകയാണെന്ന് എറണാകുളം ബിസിനസ്സ് ഏരിയ പ്രിൻസിപ്പൽ ജനറൽ മാനേജർ വി സുരേന്ദ്രൻ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ബിഎസ്എൻഎല്ലിന്റെ മുൻനിര സർക്കിളുകളിൽ ഒന്നായ കേരളത്തിലെ പ്രധാനപ്പെട്ട ബിസിനസ് മേഖലയാണ് എറണാകുളം. 74000 ഫൈബർ ലൈനുകളുള്ള എറണാകുളം ദേശീയ തലത്തിൽ നാലാമതാണ്. ചെന്നൈ ആണ് ഒന്നാം സ്ഥാനത്തുള്ളത്. കോഴിക്കോടിനാണ് രണ്ടാം സ്ഥാനം. 50,000 കോപ്പർ ലാൻഡ് ലൈൻ കണക്ഷനുകളാണ് നിലവിൽ എറണാകുളത്തുള്ളത്. ഉപയോക്താവിന് പ്രാരംഭത്തിൽ വരുന്ന ഒഎൻടി ചാർജാണ് ഫൈബർ കണക്റ്റിവിറ്റിക്ക് വളരെയേറേ ഗുണങ്ങൾ ഉണ്ടായിരുന്നിട്ടും കോപ്പർ കണക്ഷനുകൾ ഫൈബറിലേക്ക് മാറ്റുന്നതിനുള്ള പ്രധാന പരിമിതികളിലൊന്ന് എന്നാൽ ഇതിന് പരിഹാരമെന്ന നിലയിൽ പ്രാരംഭ നിരക്കുകൾ ഇല്ലാതെയാണ് തങ്ങളുടെ നിലവിലുള്ള ഉപയോക്താക്കളെ കോപ്പർ കണക്ഷനിൽ നിന്നും ഫൈബർ നെറ്റ് വർക്കിലേക്ക് മാറ്റുന്നതിനുള്ള ബൃഹദ് പദ്ധതിയുമായി ബിഎസ്എൻഎൽ രംഗത്തെത്തുന്നതെന്നും വി സുരേന്ദ്രൻ പറഞ്ഞു. ഈ പദ്ധതി പ്രകാരം ബ്രോഡ്ബാൻഡ് സൗകര്യം ഇല്ലാത്ത ഉപഭോക്താക്കൾക്കും മൈഗ്രേഷന് ശേഷം അടിസ്ഥാന ഡാറ്റ സൗകര്യം ലഭിക്കും. മൈഗ്രേഷനു ശേഷമുള്ള മിനിമം പ്ലാൻ ഗ്രാമപ്രദേശങ്ങളിൽ പ്രതിമാസം 249 രൂപയും നഗരപ്രദേശങ്ങളിൽ 299 രൂപയും ആയിരിക്കും. പദ്ധതിയുടെ ഗുണങ്ങൾ സംബന്ധിച്ച് ബിഎസ്എൻഎൽ ടീം ഉപയോക്താക്കളെ ബോധവൽക്കരിച്ചുവരികയാണ്. 60% ഉപഭോക്താക്കളും മൈഗ്രേഷനായി സമ്മതം അറിയിച്ചിട്ടുണ്ട്. 10% മാത്രമാണ് ഇതിന് തയ്യാറാകാതിരുന്നത്, മറ്റുള്ളവർ ഈ പദ്ധതിയെ കുറിച്ച് കൂടുതൽ വ്യക്തത ആവശ്യപ്പെട്ടു.ഇവരെയെല്ലാവരെയും കൃത്യമായി ബോധ്യപ്പെടുത്തിയശേഷം ഈ മാസത്തോടെ മൈഗ്രേഷൻ നടപടി ആരംഭിക്കും. മാർച്ച് മാസത്തോടെ പദ്ധതി പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. ജൂണിനു ശേഷം എറണാകുളം ബിസിനസ് ഏരിയ പൂർണ്ണമായും ഒപ്റ്റിക്കൽ ഫൈറിലേക്ക് മാറ്റുമെന്നും അദ്ദേഹം പറഞ്ഞു. ഈ സാമ്പത്തിക വർഷം അവസാനത്തോടെ 26,000 കണക്ഷനുകൾ കൂടി നൽകിക്കൊണ്ട് എറണാകുളം ബിസിസനസ് ഏരിയയിൽ ഒരു ലക്ഷം എഫ്ടിടിഎച്ച് കണക്ഷനുകൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നതെന്നും അടുത്ത മൂന്നു മാസത്തിനുള്ളിൽ ഇത് പൂർത്തീകരിക്കുമെന്നും വി സുരേന്ദ്രൻ പറഞ്ഞു. ആലുവ, മൂവാറ്റുപുഴ, കോതമംഗലം, തൊടുപുഴ തുടങ്ങിയ പ്രദേശങ്ങളിലും നിലവിൽ എക്സ്ക്ലൂസീവ് ഫ്രാൻഞ്ചൈസികൾ ഇല്ലാത്ത മറ്റ് പല പ്രദേശങ്ങളിലും ബിഎസ്എൻഎൽ എറണാകുളം എക്സ്ക്ലൂസീവ് ഫ്രാൻഞ്ചൈസികളെ തേടുന്നുണ്ട്. ഗ്രാമപഞ്ചായത്തിൽ, എക്സ്ക്ലൂസീവ് ഫ്രാൻഞ്ചൈസികൾക്ക് ഉദ്യാമി സ്കീം പ്രകാരം രജിസ്റ്റർ ചെയ്യാനും ഉപഭോക്താക്കൾക്ക് കണക്ഷനുകൾ യു.എസ്.ഒ.എഫ് ഫണ്ടിംഗിന് മുഖാന്തിരം പ്രാരംഭ നിരക്കുകൾ ഒന്നുമില്ലാതെ നൽകാനും കഴിയും.ഫ്രാൻഞ്ചൈസികൾ ആകാൻ താൽപര്യം ഉള്ളവർ 9400488111 എന്ന വാടസ് ആപ്പ് നമ്പറിൽ ബന്ധപ്പെടണംമെന്നും വി സുരേന്ദ്രൻ പറഞ്ഞു. 4ജി സേവനം എറണാകുളം മുഴുവൻ ലഭ്യമാക്കുന്നതിനുള്ള ഉപകരണങ്ങൾ മാർച്ച് മാസത്തോടെ ലഭ്യമാകും. തുടർന്ന് ആറു മാസത്തിനുള്ളിൽ ഇവയുടെ സ്ഥാപിക്കൽ പൂർത്തിയാക്കും. 5ജി കൂടി സാധ്യമാകുന്ന വിധത്തിലുള്ള ഉപകരണങ്ങളാണിവയെന്നും വി സുരേന്ദ്രൻ പറഞ്ഞു.കെ.ലത (ഡെപ്യൂട്ടി ജനറൽ മാനേജർ, ഓപ്പറേഷൻസ് വിഭാഗം), പി.എ കുമാരൻ(ഡെപ്യൂട്ടി ജനറൽ മാനേജർ ,ഫിനാൻസ്) എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# കേരളത്തിൽ വിറ്റഴിച്ചത് 100 ഇലക്ട്രിക് കാറുകൾ; നേട്ടവുമായി വോൾവോ കാർ ഇന്ത്യ

**തിരുവനന്തപുരം:** കേരളത്തിൽ 100 കാറുകൾ വിറ്റഴിച്ച നേട്ടം സ്വന്തമാക്കി വോൾവോ കാർ ഇന്ത്യ. എറണാകുളത്ത് മാത്രം 39 കാറുകളാണ് വിറ്റഴിച്ചത്. ഇതോടെ വോൾവോ കാർ ഇന്ത്യയുടെ സംസ്ഥാനത്തെ ഏറ്റവും വലിയ ഇവി വിപണി നേട്ടം സ്വന്തമാക്കാനും ജില്ലയ്ക്കായി. എക്സ് സി 40 റീചാർജുള്ള 82 യൂണിറ്റും 18 യൂണിറ്റ് സി40 റീചാർജും ആണ് വിറ്റഴിച്ചത്. എക്സ് സി 40 റീചാർജ് ഡെലിവറി 2022 നവംബറിലാണ് ആരംഭിച്ചത്.അതേസമയം സി40 റീചാർജ് ഡെലിവറി 2023 സെപ്റ്റംബർ പകുതിയോടെയാണ് തുടങ്ങിയത്. വാൾവോ കാർ ഇന്ത്യയുടെ പ്രധാനപ്പെട്ട വിപണിയാണ് കേരളമെന്ന് വോൾവോ കാർ ഇന്ത്യ മാനേജിംഗ് ഡയറക്ടർ ജ്യോതി മൽഹോത്ര പറഞ്ഞു. നൂതന സാങ്കേതിക വിദ്യകൾ സ്വീകരിക്കാൻ തയ്യാറായ കേരളത്തിലെ ഉപഭോക്താക്കളാണ് ഞങ്ങളുടെ ഉൽപ്പന്നങ്ങളെ ഇത്രയേറെ സ്വീകാര്യമാക്കിയത്. വർഷം തോറും, നൂതന സാങ്കേതിക വിദ്യയിൽ തീർത്ത ഇലക്ട്രോണിക് വാഹനങ്ങൾ കമ്പനി ഇനിയും പുറത്തിറക്കുന്നതാണ്. ഇതിലൂടെ കേരളത്തിലെ ഉപഭോക്താക്കൾക്ക് മികച്ച അനുഭവം ഉറപ്പുവരുത്താനും ശ്രമിക്കുമെന്നും ജ്യോതി മൽഹോത്ര പറഞ്ഞു. ഈ യാത്രയിലെ പങ്കാളികളെന്ന നിലയിൽ കേരളത്തിൽ 100 ഇലക്ട്രിക് വാഹനങ്ങൾ വിറ്റഴിക്കാനായി എന്ന നേട്ടത്തിൽ ഞങ്ങൾക്ക് അഭിമാനമുണ്ടെന്ന് കേരള വോൾവോ സിഇഒ ആർ കൃഷ്ണകുമാർ പറഞ്ഞു.വോൾവോ ഇലക്ട്രിക് വാഹനങ്ങളോടുള്ള ഉപഭോക്താക്കളുടെ വിശ്വാസവും ആവേശവും ഈ നേട്ടത്തിൽ നിർണായക പങ്ക് വഹിച്ചു. കേരളത്തിലെ ഉപഭോക്താക്കൾക്ക് ഇനിയും നൂതന സംവിധാനങ്ങളോട് കൂടിയതും പരിസ്ഥിതി സൗഹാർദ്ദവുമായ ഉൽപ്പന്നങ്ങൾ എത്തിച്ച് നൽകാൻ ഞങ്ങൾ പ്രതിബദ്ധതയോടെ പ്രവർത്തിക്കുന്നതാണ്. വരും വർഷങ്ങളിലും ഈ വിജയം ആവർത്തിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നുവെന്നും ആർ കൃഷ്ണകുമാർ പറഞ്ഞു.

# മത്സ്യോൽപാദനത്തിൽ മുന്നേറാൻ ശാസ്ത്ര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തണം

**കൊച്ചി:** ബയോ ടെക്നോളജി ഉൾപ്പടെയുള്ള ശാസ്ത്ര മേഖലകളിലെ ഗവേഷണ രംഗത്തുണ്ടായ മുന്നേറ്റങ്ങൾ വിജയകരമായി സമന്വയിപ്പിച്ച് മത്സ്യോൽപാദന രംഗത്ത് ഇന്ത്യ മുന്നേറണമെന്ന് ഇന്ത്യൻ കാർഷിക ഗവേഷണ കൌൺസിൽ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ.ജെ.കെ.ജന പറഞ്ഞു. കേരളം ആതിഥേയത്വം വഹിക്കുന്ന ആദ്യ ഇന്റർനാഷണൽ ഫിഷറീസ് കോൺഗ്രസ് ആന്റ് എക്സ്പോ കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാലയിൽ (കുഫോസ്) ഉദ്ഘാടനം ചെയ്യുകയായിരിന്നു ഡോ.ജന. മത്സ്യ ഉദ്പാദനത്തിൽ ലോകത്ത് ചൈനക്ക് പുറകിൽ രണ്ടാം സ്ഥാനത്താണ് ഇപ്പോൾ ഇന്ത്യ. 10041 ദശലക്ഷം ഹെക്ടറിലാണ് നാം ഇപ്പോൾ മത്സ്യകൃഷി ചെയ്യുന്നത്. ഇവിടെ നിന്നുള്ള ഉദ്പാദനത്തിന്റെ ഗുണമേന്മയും അളവും വർദ്ധിപ്പിക്കണമെന്ന് ഡോ.ജന പറഞ്ഞു.ഉദ്പാദന മേഖലകളിൽ പെട്ടന്ന് വളർച്ച കൈവരിക്കാൻ കഴിയുന്ന മേഖലയാണ് ഫിഷറീസ് എന്ന് മുഖ്യപ്രഭാക്ഷണം നടത്തിയ സംസ്ഥാന പ്ളാനിങ്ങ് ബോർഡ് വൈസ് ചെയർമാൻ ഡോ.വി.കെ.രാമചന്ദ്രൻ പറഞ്ഞു. രാജ്യത്തെ ആഭ്യന്തര ഉദ്ഫാനത്തിൽ ഗണ്യമായ സംഭാവന ചെയ്യുന്നതിനോടൊപ്പം ജനങ്ങൾക്ക് പോഷക സമൃദ്ധമായ ഭക്ഷണം നൽകാനും കഴിയുന്നു എന്നതാണ് ഫിഷറീസ് രംഗത്തിന്റെ പ്രത്യേകത. മത്സ്യ മേഖലുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന പത്ത് ലക്ഷത്തോളം പേരാണ് കേരളത്തിലുള്ളത്. ഇതിൽ പകുതിയിലേറെയും സ്ത്രീകളാണ്. മത്സ്യോൽപാദന മേഖലയുടെ ഉദ്പാദനക്ഷമതയും വരുമാനതോതും വർദ്ധിപ്പിക്കേണ്ടത് കേരളത്തിന്റെ അടിയന്തര ആവശ്യമാണെന്നും ഡോ.വി.കെ.രാമചന്ദ്രൻ പറഞ്ഞു. എന്നാൽ നിർഭാഗ്യവശാൽ സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധിയുടെയും കേന്ദ്ര വിഹിതത്തിന്റെ ലഭ്യതക്കുറവിന്റെയും പശ്ചാത്തലത്തിൽ ഫിഷറീസ് മേഖലക്ക് ആവശ്യമായ ഫണ്ട് അനുവദിക്കാൻ പറ്റാത്ത സാഹചര്യമാണ് ഇപ്പോഴുള്ളത് എന്ന് ഡോ.വി.കെ.രാമചന്ദ്രൻ പറഞ്ഞു.ഫിഷറീസ് പ്രൊഫഷണലുകളുടെയും സമുദ്രപരിസ്ഥിതി ശാസ്ത്രജ്ഞരുടെയും സമുദ്രോൽപ്പന്ന കയറ്റുമതി വ്യവസായികളുടെയും രാജ്യാന്തര സമ്മേളനമാണ് ഇന്റർനാഷണൽ ഫിഷറീസ് കോൺഗ്രസ്. പനങ്ങാട് ഫിഷറീസ് കോളേജ് പൂർവ്വവിദ്യാർത്ഥി സംഘടനയുടെ (കോഫ്പ) സഹകരണത്തോടെയാണ് മൂന്ന് ദിവസത്തെ കോൺഗ്രസ്



സംഘടിപ്പിച്ചിരിക്കുന്നത്.മത്സ്യബന്ധനവും സമുദ്രോൽപ്പന്ന വ്യവസായവും സാമൂഹിക സാമ്പത്തിക മണ്ഡലങ്ങളിൽ ചെറുതല്ലാത്ത പങ്ക് വഹിക്കുന്ന ഇരുപതോളം രാജ്യങ്ങളിൽ നിന്നായി 500 ഓളം പ്രതിനിധികളാണ് ഫിഷറീസ് കോൺഗ്രസിൽ പങ്കെടുക്കുന്നത്.കുഫോസ് വൈസ് ചാൻസലർ ഡോ.ടി.പ്രദീപ് കുമാർ അധ്യക്ഷത വഹിച്ചു. ഫിഷറീസ് മന്ത്രി സജി ചെറിയാൻ തിരുവനന്തപുരത്ത് നിന്ന് ഓൺ ലൈനായി കോൺഗ്രസ്സിനെ അഭിസംബോധന ചെയ്തു. ഹൈബി ഈഡൻ എം.പി, സി.ഐ.എഫ്.ടി ഡയറക്ടർ ഡോ.ജോർജ് നൈനാൻ, മുൻ മന്ത്രി എസ്.ശർമ്മ, ജി.സി.ഡി.എ ചെയർമാൻ കെ.ചന്ദ്രൻ പിള്ള, കുഫോസ് രജിസ്ട്രാർ ദിനേശ് കൈപ്പിള്ളി, കോസ്പ പ്രസിഡന്റ് പി.ശ്യാം ലാൽ, ഓർഗനൈസിങ്ങ് സെക്രട്ടറി ഡോ.ജിജോ ഇട്ടൂപ്പ് എന്നിവർ പ്രസംഗിച്ചു. വേമ്പനാട്ട് കായലിന്റ നശീകരണവും ലോകവ്യാപകമായി നടക്കുന്ന ജലജീവി വർഗ്ഗങ്ങളുടെ ശോഷണവും ഫിഷറീസ് കോൺഗ്രസിൽ ശനിയാഴ്ച ചർച്ച ചെയ്യും. മത്സ്യബന്ധന മേഖലയിൽ തൊഴിലാളികളും മത്സ്യകൃഷിയിൽ കർഷകരും നേരിടുന്ന പ്രതിസന്ധികൾ ചർച്ച ചെയ്യാനും പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്താനുമായി മത്സ്യബന്ധന തൊഴിലാളികളുടെയും മത്സ്യ കർഷകരുടെയും ദേശിയ സംഗമവും ഫിഷറീസ് കോൺഗ്രസിന്റെ ഭാഗമായി ശനിയാള്ച നടക്കും. സ്വദേശത്തെയും വിദേശത്തെയും പ്രധാന ഫിഷറീസ് സ്ഥാപനങ്ങളുടെ സ്റ്റാളുകൾ ഫിഷറീസ് കോൺഗ്രസിനോട് അനുബന്ധിച്ച് സംഘടിപ്പിച്ചിട്ടുള്ള എക്സ്പോയിൽ പങ്കെടുക്കുന്നുണ്ട്. മൂന്ന് ദിവസത്തെ കോൺഗ്രസ് ഞായറാഴ്ച സമാപിക്കും.

# മിനിമലി ഇൻവേസീവ് ബനിയൻ സർജറി നടത്തി വിപിഎസ് ലേക്ഷോർ



**കൊച്ചി:** ഇന്ത്യയിലെ ആദ്യത്തെ മിനിമലി ഇൻവേസീവ് ബനിയൻ സർജറി വിജയകരമായി നടത്തി വിപിഎസ് ലേക്ഷോർ ഹോസ്പിറ്റൽ. ഫുട്ട് ആൻഡ് അങ്കിൾ ആൻഡ് പോഡിയാട്രി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. രാജേഷ് സൈമണിന്റെ നേതൃത്വത്തിൽ എറണാകുളം തൃപ്പൂണിത്തുറ സ്വദേശിനി നീതുവിലാണ് ശസ്ത്രക്രിയ നടത്തിയത്. പെരുവിരലിലെ ജോയിന്റിന്റെ പുറംഭാഗത്തു അസ്ഥിയിലുാകുന്ന വലിയ മുഴയാണ് ബനിയൻ രോഗം. ബനിയനുമായി ബന്ധപ്പെട്ട വേദന ലഘൂകരിക്കാനും നീ സമ്മർദം മൂലമുാകുന്ന കാലിലെ വൈകല്യങ്ങൾ പരിഹരിക്കാനും ഈ നൂതന ശസ്ത്രക്രിയ സഹായിക്കും. സാധാരണഗതിയിൽ ഓപ്പൺ സർജറിയായി മാത്രമേ ബനിയൻ രോഗാവസ്ഥ പരിഹരിക്കാൻ കഴിയുമായിരുന്നുള്ളൂ. ഈ നൂതന ചികിത്സാരീതിയിലൂടെ വിപിഎസ് ലേക്ഷോർ രാജ്യത്തെ ഫുട്ട് ആൻഡ് ആങ്കിൾ ശസ്ത്രക്രിയയിൽ ഒരു മുന്നേറ്റം കുറിച്ചിരിക്കുന്നു.'മെഡിക്കൽ സാധ്യതകൾ പുനർനിർവചിക്കുകയും രോഗികൾക്ക് സാധ്യമായ ഏറ്റവും മികച്ച പരിചരണം ലഭിക്കുന്നുന്ന് ഉറപ്പാക്കുകയും ചെയ്യുന്നത് വിപിഎസ് ലേക്ഷോറിന്റെ പ്രത്യേകതയാണ് ', മാനേജിംഗ് ഡയറക്ടർ എസ് കെ അബ്ദുള്ള പറഞ്ഞു.

# പ്രത്യേക ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാമുമായി ഐഐഎം സമ്പൽപൂർ



**കൊച്ചി:** രാജ്യത്തെ മുൻനിര മാനേജുമെന്റ് സ്ഥാപനങ്ങളിലൊന്നായ ഐഐഎം സമ്പൽപൂർ ഒഡീഷ കാർഷിക സാങ്കേതികവിദ്യാ സർവകലാശാലയിലെ എക്സിക്യൂട്ടീവുകൾക്കായി ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം സംഘടിപ്പിച്ചു. കരിയറിന്റെ മധ്യനിരയിലുള്ള 36 പേരാണ് രു പ്രത്യേക ബാച്ചുകളായുള്ള ഈ പരിപാടിയിൽ പങ്കെടുത്തത്. മാനേജുമെന്റിലെ അടിസ്ഥാന തത്വങ്ങൾ, വിവിധ പ്രവർത്തന രീതികൾ, ഏറ്റവും മികച്ച ഗവേഷണ മാർഗങ്ങൾ, ഈ രംഗത്തെ അത്യൂധുനീക പ്രവണതകൾ തുടങ്ങിയവ ഇവിടെ പ്രാധാന്യത്തോടെ പരിഗണിച്ചെന്ന് ഐഐഎം സമ്പൽപൂർ ഡയറക്ടർ പ്രൊഫ. മഹദിയോ ജയ്സ്വാൾ പറഞ്ഞു.

# സംസ്ഥാന മാസ്റ്റേഴ്സ് ഗെയിംസിന് തുടക്കമായി

**കൊച്ചി:** അഞ്ചാമത് സംസ്ഥാന മാസ്റ്റേഴ്സ് ഗെയിംസിന് എറണാകുളത്ത് മഹാരാജാസ് സ്റ്റേഡിയത്തിൽ തുടക്കമായി.16 വേദികളിലായി നടക്കുന്ന മത്സരങ്ങൾ ഹൈബി ഈഡൻ എം.പി ഉദ്ഘാടനം ചെയ്തു. മാസ്റ്റേഴ്സ് ഗെയിംസിൽ പങ്കെടുക്കുന്ന കായികതാരങ്ങൾ പുതുതലമുറയ്ക്ക് മാതൃകയാണെന്ന് ഹൈബി ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. കേരളത്തിലെ ആദ്യ സിന്തറ്റിക് സ്റ്റേഡിയത്തിലെ ട്രാക്ക് നവീകരണം ഉടൻ ആരംഭിക്കുമെന്നും അദ്ദേഹം പറഞ്ഞു. മാസ്റ്റേഴ്സ് ഗെയിംസ് അസോസിയേഷൻ കേരള പ്രസിഡന്റ് ജോർജ് ബി വർഗീസ് അധ്യക്ഷത വഹിച്ചു. ബ്രഹ്മശ്രീ സൂര്യനാരായണ ശർമ്മ വിശിഷ്ടാതിഥിയായിരുന്നു. സൂപ്പർ മാസ്റ്റേഴ്സ് ആൻഡ് സ്പോർട്ട്സ് ഫെഡറേഷൻ ഡയറക്റ്ററും സിഇഒയുമായ വിനോദ്കുമാർ മുഖ്യാതിഥിയായി പങ്കെടുത്തു. ആർ.എസ് പ്രശാന്ത്, എസ് എ എസ് നവാസ്, എച്ച്.എൻ ബൈജു, ഡാർലിൻ സി ഡിക്രൂസ്, ഷിബു കെ ഹോർമിസ് എന്നിവർ പ്രസംഗിച്ചു. തോമസ് ബാബു, എ.അനില, ജി.എൽ പ്രവീൺകുമാർ, ജോസഫ് തോമസ്, ബി. സുധാകുമാരി, സി.എസ് ഷൈജു എന്നിവർ പങ്കെടുത്തു. എ. അബ്ദുൾ കരീം സ്വാഗതവും ഷെനു



ഗോപാൽ നന്ദിയും പറഞ്ഞു.22 ഇനങ്ങളിലായി 35 വയസ് മുതൽ 100 വയസ് വരെയുള്ള മൂവായിരത്തോളം കായികതാരങ്ങളാണ് പങ്കെടുക്കുന്നത്. അത്‌ലറ്റിക്, ആർച്ചറി, ആം റെസ്‌ലിംഗ്, ബാഡ്മിന്റൺ, ബാസ്ക്കറ്റ് ബോൾ, ബോഡി ബിൽഡിംഗ്, ചെസ്, ഫുട്ബോൾ, ഹാൻഡ്ബാൾ, ഹോക്കി, കബഡി, പവർ ലിഫ്റ്റിങ്, ഷൂട്ടിംഗ്, നീന്തൽ, ടേബിൾ ടെന്നീസ്, ടെന്നീസ്, വോളിബാൾ, വെയിറ്റ് ലിഫ്റ്റിങ്, ജൂഡോ, റെസ്ലിംഗ്, യോഗ എന്നീ ഇനങ്ങളിലാണ് മത്സരങ്ങൾ. ആലുവ യു സി കോളേജ്, മഹാരാജാസ് കോളേജ്, ഏലൂർ ഫാക്റ്റ് സ്കൂൾ, റീജിയണൽ സ്പോർട്ട്സ് സെന്റർ, കാക്കനാട് രാജഗിരി കോളേജ്, കൊച്ചിൻ ജിം മട്ടാഞ്ചേരി, അംബേദ്കർ സ്റ്റേഡിയം, എസ് എച്ച് കോളേജ് തേവര, വടുതല ഡോൺ ബോസ്കോ സ്കൂൾ, രാജഗിരി സ്കൂൾ കളമശേരി, എസ് എൻ വി സംസ്കൃത സ്കൂൾ എന്നിവിടങ്ങളിലായാണ് മത്സരങ്ങൾ നടക്കുന്നത്. 14 ന് സമാപിക്കും. വിജയികളാകുന്നവർക്ക് അടുത്തമാസം ഗോവയിൽ നടക്കുന്ന ദേശീയ മാസ്റ്റേഴ്സ് ഗെയിംസിൽ പങ്കെടുക്കാം. ദേശീയ ഗെയിംസിൽ വിജയിക്കുന്നവർ 2025 ൽ തായ്പേയിൽ നടക്കുന്ന ലോക മാസ്റ്റേഴ്സ് ഗെയിംസിന് യോഗ്യത നേടും. മുൻ ഒളിമ്പ്യന്മാർ, അർജുന അവാർഡ് ജേതാക്കൾ, അന്തർദേശീയ, ദേശീയ താരങ്ങൾ ഉൾപ്പെടെയുള്ളവർ നാല് ദിവസമായി നടക്കുന്ന ഗെയിംസിൽ പങ്കെടുക്കും. മാസ്റ്റേഴ്സ് ഗെയിംസ് അസോസിയേഷൻ കേരളയാണ് സംഘാടകർ.

# ഫെഡറൽ ബാങ്ക് സാഹിത്യപുരസ്കാരം ഇന്ന് പ്രഖ്യാപിക്കും

**കൊച്ചി/ കോഴിക്കോട്:** രാമത് ഫെഡറൽ ബാങ്ക് സാഹിത്യപുരസ്കാരം ഇന്നു പ്രഖ്യാപിക്കും. കോഴിക്കോട് ബീച്ചിൽ നടക്കുന്ന കേരള ലിറ്ററേച്ചർ ഫെസ്റ്റിവൽ വേദിയിലാണ് പുരസ്കാരപ്രഖ്യാപനവും വിതരണവും നടക്കുക. ഫെഡറൽ ബാങ്ക് ബ്രാഞ്ച് ബാങ്കിംഗ് മേധാവി നന്ദകുമാർ വി പുരസ്കാരം പ്രഖ്യാപിക്കും. വൈകീട്ട് ഏഴു മണിയ്ക്ക് 'അക്ഷരം' വേദിയിൽ നടക്കുന്ന ചടങ്ങിൽ പ്രശസ്ത എഴുത്തുകാരൻ സി വി ബാലകൃഷ്ണൻ അധ്യക്ഷനാവും. ഫെഡറൽ ബാങ്ക് കോഴിക്കോട് സോണൽ മേധാവി റെജി സി വി, റീജിയണൽ മേധാവി ജോസ്മോൻ പി ഡേവിഡ്, വൈസ് പ്രസിഡന്റ് ഷാജി കെ വി, അവാർഡ് നിർണയ ജൂറി എന്നിവർക്ക് പുറമെ ചുരുക്കപ്പട്ടികയിലുള്ള എഴുത്തുകാരും പങ്കെടുക്കും.

# മുള മേഖലയിൽ സുസ്ഥിര വിപണി: സാധ്യതകൾ തേടി ദേശീയ സെമിനാർ




**കൊച്ചി:** മുള മേഖലയിൽ സുസ്ഥിര വരുമാനവും ശക്തമായ വിപണിയും ഉറപ്പാക്കാൻ മാർഗങ്ങൾ ആരാഞ്ഞു ദ്വിദിന ദേശീയ സെമിനാറിനു തുടക്കം. മുളയുത്പന്നങ്ങളുടെ ഓൺലൈൻ വിപണി കൂടുതൽ കരുത്തുറ്റതാക്കണമെന്നു നിർദ്ദേശമുയർന്നു. വ്യവസായ വാണിജ്യ വകുപ്പിനു വേണ്ടി സംസ്ഥാന ബാംബൂ മിഷൻ, കെ ബിപ് തുടങ്ങിയവയുടെ സഹകരണത്തോടെ കലൂർ ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം മൈതാനത്ത് ഈമാസം 17 വരെ നടക്കുന്ന 20മത് കേരള ബാംബൂ ഫെസ്റ്റിന്റെ ഭാഗമായ ദ്വിദിന ദേശീയതല സെമിനാർ സംസ്ഥാന വ്യവസായ വാണിജ്യ ,ബാംബൂ മിഷൻ ഡയറക്ടർ എസ് ഹരികിഷോർ ഉദ്ഘാടനം ചെയ്തു.കൃഷി മുതൽ മുതൽ ഡിസൈനിംഗും മാർക്കറ്റിങ് വരെ എല്ലാ .മുള വ്യവസായത്തിന്റെ എല്ലാ മേഖലകളിലും പ്രത്യേക ശ്രദ്ധ അനിവാര്യമാണെന്ന് അദ്ദേഹം പറഞ്ഞു. മുള കർഷകരുടെയും കരകൗശല തൊഴിലാളികളുടെയും ശാക്തീകരണത്തിനു ഏറ്റവും മികച്ച പരിഗണന ലഭിക്കും വിധമാകും തുടർ പ്രവർത്തനം. ഇതിനു വേണ്ട വിദഗ്ധാഭിപ്രായങ്ങൾ ഉരുത്തിരിയാൻ സെമിനാർ വഴിയൊരുക്കുമെന്നും എസ് ഹരികിഷോർ അഭിപ്രായപ്പെട്ടു.കൊച്ചി മറൈൻ ഡ്രൈവ് താജ് ഗേറ്റ്വേ ഹോട്ടലിൽ നടക്കുന്ന സെമിനാറിന്റെ ഉദ്ഘാടനസമ്മേളനത്തിൽ ഹോർട്ടികൾച്ചർ കമ്മീഷണറും നാഷണൽ ബാംബൂ മിഷൻ ഡയറക്റുമായ ഡോ. പ്രഭാത് കുമാർ മുഖ്യപ്രഭാഷണം നടത്തി. കെ ബിപ്, സംസ്ഥാന ബാംബൂ മിഷൻ സിഇഒ എസ് സൂരജ്, ത്രിപുര ബാംബൂ മിഷൻ ഡയറക്ടർ ബി വിശ്വശ്രീ, യു പി ബാംബൂ മിഷൻ ഡയറക്ടർ ഇളങ്കോ കൃഷ്ണൻ, സിക്കിം ബാംബൂ മിഷൻ ഡയറക്ടർ സുമൻ കുമാർ ശർമ്മ, ജാർഖണ്ഡ് ബാംബൂ മിഷൻ ഡയറക്ടർ മുകേഷ് കുമാർ സിൻഹ, സംസ്ഥാന ബാംബൂ കോർപ്പറേഷൻ എംഡി ബെനഡിക്റ്റ് വില്യം ജോൺസ് എന്നിവർ പ്രസംഗിച്ചു.മുള വികസനത്തിന്റെ ദേശീയ പരിപ്രേക്ഷ്യം, ബാംബൂ മേഖലയിലെ ഡിസൈൻ സമീപനം, പ്രതിസന്ധികൾക്ക് പരിഹാരം തുടങ്ങിയ വിഷയങ്ങളിൽ നടന്ന സാങ്കേതിക സെഷനുകളിൽ ദേശീയ ബാംബൂ മിഷൻ ഡയറക്ടർ ഡോ പ്രഭാത്കുമാർ, ബെംഗളൂരു എൻഐഡി ബാംബൂ സംരംഭ വിഭാഗം മേധാവി സി എസ് സുശാന്ത്, കെയു ലൈഫ് ട്രൈബൽ സ്റ്റാർട്ടപ്പ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ പി എസ് ശ്യാം എന്നിവർ പ്രഭാഷണം നടത്തി.ബെംഗളൂരു നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ബാംബൂ ആൻഡ് കെയിൻ ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്, അഗർത്തല, ത്രിപുര, ഉറവ്, വയനാട്, കേരളം തുടങ്ങിയ പ്രമുഖ സർക്കാർ സർക്കാരിതര സ്ഥാപനങ്ങൾ സെമിനാറിൽ പങ്കെടുക്കുന്നുണ്ട്. ഇന്നു രാവിലെ 10.30മുതൽ ബാംബൂ വികസനം സംബന്ധിച്ച് ഏഴു സാങ്കേതിക സെഷനുകളും തുടർന്ന് ചർച്ചകളുടെ ക്രോഡീകരണവും നടക്കും.

## ക്ലിനിക്കൽ ചൈൽഡ് ഡെവലപ്മെന്റ്:

**തിരുവനന്തപുരം:** മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിൽ പ്രവർത്തിക്കുന്ന ചൈൽഡ് ഡെവലപ്മെന്റ് സെന്ററിൽ നടത്തി വരുന്ന രണ്ടു വർഷം ദൈർഘ്യമുള്ള പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ക്ലിനിക്കൽ ചൈൽഡ് ഡെവലപ്മെന്റ് കോഴ്സിലേക്ക് 202324 വർഷത്തെ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. 50 ശതമാനം മാർക്കോടെ ശാസ്ത്ര വിഷയത്തിൽ ബിരുദം നേടിയ പെൺകുട്ടികൾക്ക് അപേക്ഷിക്കാം. സൈക്കോളജിയിലോ ഹോംസയൻസിലോ ബിരുദം നേടിയവർക്കും ഈ കോഴ്സിന് അപേക്ഷിക്കാവുന്നതാണ്. എസ്.ഇ.ബി.സി. വിഭാഗത്തിൽപ്പെടുന്ന അപേക്ഷകർക്ക് 45 ശതമാനം മാർക്ക് മതി. എസ്.സി/എസ്.ടി. വിഭാഗക്കാർക്ക് യോഗ്യതാ പരീക്ഷ പാസായിരുന്നാൽ മതിയാകും. പ്രോസ്പെക്ടസ് ംം ം.ഹയരെലഴ്യേല.സല്യൃമഹമ.ഴീ.ശി ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ജനുവരി 16 മുതൽ ജനുവരി 31 വരെ ഓൺലൈനിലൂടെയോ അല്ലെങ്കിൽ കേരളത്തിലെ എല്ലാ ഫെഡറൽ ബാങ്കിന്റെ ശാഖകൾ വഴി വെബ്സൈറ്റിലൂടെ ലഭിക്കുന്ന ചെല്ലാൻഫോറം ഉപയോഗിച്ചോ അപേക്ഷാഫീസ് അടയ്ക്കാം. അപേക്ഷാഫീസ് പൊതു വിഭാഗത്തിന് 800 രൂപയും, എസ്.സി./എസ്.ടി വിഭാഗത്തിന് 400 രൂപയുമാണ്. തുടർന്ന് അപേക്ഷാനമ്പർ, ചെല്ലാൻ നമ്പർ ഇവ ഉപയോഗിച്ച് അപേക്ഷാഫോം ഓൺലൈനായി ഫെബ്രുവരി 3 വരെ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക്: 04712560363, 64.

# നാളികേര വികസന ബോർഡ്: സ്ഥാപക ദിനാഘോഷവും കർഷക സെമിനാറും സംഘടിപ്പിച്ചു



**ആലപ്പുഴ:** നാളികേര വികസന ബോർഡിന്റെ സ്ഥാപക ദിനത്തോടനുബന്ധിച്ച് നാളികേര കർഷക സെമിനാർ ആലപ്പുഴ,ഭരണിക്കാവിൽ സംഘടിപ്പിച്ചു. ഐസിഎആർ - സിപിസിആർഐ റീജണൽ സ്റ്റേഷൻ, കായംകുളം മേധാവി ഡോ. റെജി ജേക്കബ് പരിപാടി ഉദ്ഘാടനം ചെയ്തു. പബ്ലിസിറ്റി ആന്റ് പബ്ലിക് റിലേഷൻസ്, അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി. മിനി മാത്യു അധ്യക്ഷത വഹിച്ച ചടങ്ങിൽ ഓണാട്ടുകര കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ചെയർമാൻ കറ്റാനം ഷാജി; ഭരണിക്കാവ് പഞ്ചായത്ത് നാളികേര ഉൽപാദക ഫെഡറേഷൻ പ്രസിഡന്റ് അഡ്വ. തോമസ് എം മാത്തുണ്ണി; സിഡിബി മുൻ ഡയറക്ടറും ഓണാട്ടുകര കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി സിഇഒയുമായ ഡോ. രമണി ഗോപാലകൃഷ്ണൻ തുടങ്ങിയവർ സംസാരിച്ചു. നാളികേര വികസന ബോർഡിന്റെ പദ്ധതികളെ കുറിച്ച് പബ്ലിസിറ്റി ആന്റ് പബ്ലിക് റിലേഷൻസ്, അസിസ്റ്റന്റ് ഡയറക്ടർ മിനി മാത്യുവും; ശാസ്ത്രീയ തെങ്ങ് കൃഷി രീതികളെ കുറിച്ച് ഐസിഎആർ - സിപിസിആർഐ ശാസ്ത്രജ്ഞൻ ഡോ. ജിലു വി സാജനും; കേര സംസ്ക്കരണവും, മൂല്യവർദ്ധനവും എന്ന വിഷയത്തെ കുറിച്ച് നാളികേര വികസന ബോർഡ് ഡെവലപ്പ്മെന്റ് ഓഫീസർ വിൻസി വർഗ്ഗീസും സാങ്കേതിക സെഷനുകൾ അവതരിപ്പിച്ചു.മുന്നൂറോളം കർഷകരും, ആലപ്പുഴ ജില്ല കൃഷിവകുപ്പ് ഉദ്യോഗസ്ഥരും, നാളികേര വികസന ബോർഡിലെയും കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിലെയും മുതിർന്ന ഉദ്യോഗസ്ഥരും പരിപാടിയിൽ പങ്കെടുത്തു. കർഷക സെമിനാറിനൊപ്പം നാളികേര മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രദർശനവും ഒരുക്കിയിരുന്നു. പബ്ലിസിറ്റി ഓഫീസർ സോന ജോൺ നന്ദി പറഞ്ഞു.


